©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്


| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 3rd September 2010<br>2010 സെപ്റ്റംബർ 3<br>12th Bhadra 1932<br>1932 ഭാദ്രം 12 | No.<br>നമ്പർ 2029 |


## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(എംഎസ്.) നമ്പർ 106/2010/തൊഴിൽ. *തിരുവനന്തപുരം, 2010 ആഗസ്റ്റ് 28.*

എസ്. ആർ. ഒ. നമ്പർ 864/2010.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2007 മാർച്ച് 15-ാം തീയതി സ. ഉ. (എംഎസ്.) നമ്പർ 29/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2007 മാർച്ച് 15-ാം തീയതിയിലെ 496-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 235/2007 ആയി വിജ്ഞാപനം ചെയ്തതുമായ 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള സർക്കാർ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

### പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2010-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

33/3536/2010/DTP.

2. <u>പദ്ധതിയുടെ ഭേദഗതി</u>.—2007-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ, 17-ാം ഖണ്ഡികയിൽ "50 വയസ്" എന്ന അക്കത്തിനും വാക്കിനും പകരം "55 വയസ്" എന്ന അക്കവും വാക്കും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ബി. വത്സലകുമാരി,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമ നിധി പദ്ധതിയിൽ അംഗമായി ചേരുന്നതിനുള്ള പരമാവധി പ്രായം 50 വയസ് എന്നുള്ളത് 55 വയസാക്കി ഉയർത്തി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.